പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2418 **27-10-2026-ൽ മറുപടിയ്ക്ക്**

പി.എം സൂര്യഘർ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. പ്രഭാകരൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം സൂര്യഘർ പദ്ധതി പ്രകാരം എത്ര സൗരോർജ്ജ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

മറുപടി: 1,22,133 സൗരോർജ്ജ യൂണിറ്റുകൾ

(ബി) സൗരോർജ്ജ യൂണിറ്റ് സ്ഥാപിച്ച എത്ര ഉപയോക്താക്കൾക്ക് കെ.എസ്.ഇ.ബി മീറ്റർ നൽകാനുണ്ട്; എത്രകാലമായി മീറ്റർ ക്ഷാമം നിലവിലുണ്ട്; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് സോളാർ കണക്ഷനായി രജിസ്റ്റർ ചെയ്ത 27,393 സിംഗിൾ ഫേസ് ഉപഭോക്താക്കൾക്കും 15,072 ത്രീ ഫേസ് ഉപഭോക്താക്കൾക്കും കണക്ഷൻ നൽകാനുണ്ട്. 2026 ജൂൺ മാസം മുതൽ നെറ്റ് മീറ്ററുകളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മീറ്റർ ക്ഷാമം പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള നെറ്റ് മീറ്ററിൽ, 82000 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾക്കും, 21000 ത്രീ ഫേസ് നെറ്റ് മീറ്ററുകൾക്കും ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത മീറ്ററുകൾ ലഭ്യമാകുന്നതിലെ 24.10.2026 ലെ സ്ഥിതി താഴെ ചേർക്കുന്നു.

28700 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി കെ.എസ്.ഇ.ബി-യുടെ വിവിധ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. ഉടൻതന്നെ 15000 സിംഗിൾ ഫേസ് മീറ്ററുകൾ വിതരണം ചെയ്യുവാൻ കഴിയുന്നതാണ്. ബാക്കിയുള്ള 38300 സിംഗിൾ ഫേസ് മീറ്ററുകളും 2026 നവംബർ മാസം അവസാനത്തോടുകൂടി എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു.

ത്രീ ഫേസ് മീറ്ററുകളിൽ ആദ്യത്തെ അലോട്ട്മെന്റ് ആയി 9000 മീറ്ററുകൾ ഈ മാസം അവസാനത്തോടുകൂടി കെഎസ്ഇബി-യുടെ TMR യൂണിറ്റുകളിൽ എത്തിച്ചേരുന്നതാണ്. കൂടാതെ 6300 എണ്ണം ത്രീ ഫേസ് മീറ്ററുകൾ അടുത്ത മാസം അവസാനത്തോടുകൂടി സെക്ഷൻ ഓഫീസുകളിൽ എത്തിച്ചേരുന്നതാണ്. ബാക്കി 5700 ത്രീ ഫേസ് മീറ്ററുകൾ ഘട്ടംഘട്ടമായി ലഭ്യമാക്കുന്നതാണ്.

(സി) ട്രാൻസ്ഫോർമർ ശേഷി ഇല്ലാത്തതിന് കാരണം പുതിയ യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിതരണ ട്രാൻസ്ഫോർമറിന്റെ ആകെ ശേഷിയുടെ 90% ആണ് renewable energy integration സാധ്യമാകുന്നത്. സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചതിനാൽ നിലവിൽ ആകെയുള്ള ട്രാൻസ്ഫോർമറുകളുടെ ഏകദേശം 1.20% ട്രാൻസ്ഫോർമറുകൾ (1084 എണ്ണം) 90% Solar threshold ൽ എത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

സോളാർ വൈദ്യുതി ഉൽപ്പാദനത്തിലുണ്ടാകുന്ന വർദ്ധന പരിഗണിച്ച്, പുനരുപയോഗ ഊർജ സ്രോതസ്സുകളെ തടസ്സരഹിതമായി ഗ്രിഡുമായി സംയോജിപ്പിക്കുന്നതിനായി 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിലേക്കുള്ള DCIP (Distribution Capital Investment Plan) ൽ ആവശ്യമായ വിതരണ ശൃംഖലാ വികസനത്തിനും വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷിവർധനയ്ക്കും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോളാർ വൈദ്യുതി സംയോജനം മൂലം ശേഷിപരിധിയിലെത്തുന്ന Distribution Transformers കണ്ടെത്തി അവയുടെ ശേഷി വർധിപ്പിക്കുന്നതിനും DCIP മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ